# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/2999/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

ഇ-മെയിൽ -

dompm.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 9-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുലാമന്തോൾ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം

21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി

ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.27/2999/2016 തിയ്യതി: 9-01-2017

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-3-2016 മുതൽ 13-10-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം
എ) ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ – ശ്രീ.ഷാജഹാൻ. എ.എസ്., ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം – 14-10-2016 മുതൽ 21-10-2016 വരെ

ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.പി.ഉണ്ണി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ടി.കെ.നസീർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.കെ.ഷജീർ | ഓഡിറ്റർ |

സി. നിർവഹണാധികാരികൾ
പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.എം.കെ.റഫീഖ | 01-04-2015 മുതൽ 31-10-15 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | 1-11-2015 മുതൽ 24-11-2015 വരെ |
| ശ്രീ.വി.പി.മുഹമ്മദ് ഹനീഫ | 25-11-2015 മുതൽ 31-04-16 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സിദ്ദിഖ്. കെ | 01-04-2015 മുതൽ 31-03-16 വരെ |

ഡി) നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ജ്യോതി.ടി | 01-04-2015 മുതൽ 23-05-2015 വരെ |
| | അജി.എസ്. ആനന്ദ് | 24-05-2015 മുതൽ 07-09-2015 വരെ |
| | സുരേഷ്കുമാർ.എ.ആർ | 08-09-2015 മുതൽ 18-12-15 വരെ |
| | ശ്രീജിത്ത്.എസ് | 19-12-15 മുതൽ 31-03-2016വരെ |
| വെറ്ററിനറി സർജൻ | ശ്രീ.റൂബി വിദ്യാധരൻ | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രജനി.സി | 01-04-2015 മുതൽ 30-12-2015 വരെ |
| | ശ്രീമതി. വിലാസിനി | 31-12-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മനോജ് കുമാർ | 01-04-2015 മുതൽ 31-03-2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മനോജ്. ടി | 01-04-2015 മുതൽ 31-03-2016 വരെ |
| ഹെഡ്മാസ്റ്റർ | അച്ചുതാനന്ദൻ.എ.കെ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദിവ്യ.പി.ടി | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അരുൺ.വി. | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഉമൈവ.ടി.ടി | 01-04-2015 മുതൽ 31-03-2016 വരെ |

## ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക | പേജ് നം |
|---|---|---|---|
| 1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2(1) | |
| 2 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 2(2) | |
| 3 | തൊഴിൽ നികുതി – വീട്ടുവാടക ബത്ത വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതില്ല. | 2(3) | |
| 4 | തനതു ധന സ്രോതസ്സുകൾ കണ്ടെത്തുന്നതിലെ പുരോഗതി | 2(4) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | കാർഷിക ഉപകരണങ്ങളുടെ വിതരണം : അധിക നിരക്കിൽ സബ്സിഡി നൽകി | 3(1) | |
| 2 | സമഗ്ര വിദ്യാഭ്യാസം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിർവ്വഹണം നടത്തിയത് സംബന്ധിച്ച് | 3(2) | |
| 3 | വിദ്യാദീപം (എസ്.സി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ) മിർഗ്ഗരേഖ പാലിച്ചില്ല | 3(3) | |
| 4 | ആട്ടവളർത്തൽ പ്രൊജക്ട് : വ്യാജരേഖ ചമച്ച് പഞ്ചായത്ത് ഫണ്ട് അപഹരിക്കുന്നു | 3(4) | |
| 5 | ശാരീരിക മാനസിക വെല്ലുവിളി ക്കാർക്ക് സ്കോളർഷിപ്പ് വിതരണം അപാകതകൾ | 3(5) | |
| 6 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്തയ്യാറാക്കൽ, നിർവ്വഹണം എന്നിവയിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3(6) | |
| 7 | തെരുവു വിളക്ക് സ്ഥാപിക്കൽ (എസ്.സി) ഇൻസ്ററലേഷൻ സർട്ടിഫിക്കററ് ഹാജരാക്കണം | 3(7) | |
| 8 | മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3(8) | |
| 9 | വികലാംഗർക്ക് മുച്ചക്ര വാഹനം -രേഖകൾ അപൂർണ്ണം | 3(9) | |
| 10 | മെയിൻറനൻസ് (റോഡിതരം) ഗ്രാൻറ് വിനിയോഗം-മാനദണ്ഡൾ പാലിച്ചില്ല | 3(10) | |

| | | | |
|---|---|---|---|
| 11 | 10-ാം തരം എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-വിതരണ വിവരം സുതാര്യമല്ല. | 3(11) | |
| 12 | വാർഷിക പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് | 3(12) | |
| 13 | വൈദ്യുതി കണക്ഷൻ ഡെപ്പോസിറ്റ് തുക തിരിച്ച് ഈടാക്കാനുള്ളത് | 3(13) | |
| 14 | സ്ട്രീറ്റ് ടാപ്പ്, തെരുവ് വിളക്ക് – സംയുക്ത പരിശോധന | 3(14) | |
| 15 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3(15) | |
| 16 | ആശ്രയ - അഗതി പുനരധിവാസ പദ്ധതി - അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റിയില്ല. | 3(16) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7<br>8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.<br>ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(7)<br>4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/ 27.03.2016 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 20.5.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിററ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

പുലാമന്തോൾ ഗ്രാമപഞ്ചായത്തിൻറ 2015-16 വാർഷിക കണക്കുകളിൽ താഴേപ്പറയുന്ന അപാകത കൾ നിലനിൽക്കുന്നു

1.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ് രീതിയിലേക്ക് മാറുന്നതിന്ന് മുമ്പുള്ള എല്ലാ ആസ്തി ബാദ്ധ്യതകളുടെയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2015-16 വർഷം പുതുതായി ആർജ്ജിച്ച ആസ്തികളെ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമായി മാററിയിട്ടില്ല. ടി ആസ്തികളുടെ മൂല്യം ബാലൻസ് ഷീററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.DBT പ്രകാരം നൽകിയ സാമൂഹ്യ പെൻഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിലെ അന്തരം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (3) പ്രകാരം വരവുകൾ വാസ്തവികവും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള വ്യതിയാനങ്ങൾക്ക് വിശദീകരണമുണ്ടാവണമെന്നും നിർദ്ദേശമുള്ളതാണ്. ഗ്രാമ പഞ്ചായത്തിന്റെ 2015-16 ബഡ്ജറ്റിലെ നികുതി നികുതിയേതരയിനങ്ങളിലെ പ്രതീക്ഷിത വരുമാനവും യഥാർത്ഥ ഡിമാന്റും തമ്മിൽ നിസ്സാരമല്ലാത്ത വത്യാസമുള്ളതായി വ്യക്തമാകുന്നു. ഉദാഹരണമായി കെട്ടിട നികുതിയിനത്തിൽ ബജറ്റിലെ നിർദ്ദേശമായ 45,00,000രൂപയിൽ 31,63,525 രൂപയാണ് ഡിമാന്റ് ചെയ്യാനായത്. ഡി ആന്റ് ഒ ലൈസൻസ്, പെർമിറ്റ് ഫീ, റോഡ് കട്ടിംഗ് തുടങ്ങിയയിനത്തിലും അന്തരമുള്ളതായി കാണുന്നു. ബജറ്റിലെ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന പരസ്യ നികുതി, ലേല വരവിനത്തിലും തുകയൊന്നും പിരിച്ചെടുക്കാനായില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ നികുതി നികുതിയേതരയിനങ്ങളിലെ വരവ് നിർദ്ദേശിക്കുമ്പോൾ മുൻവർഷത്തെ യഥാർത്ഥ വരവുമായി താരതമ്യ പരിശോധന നടത്തുകയും കൂടുതൽ ഗൗരവപൂർണ്ണമായ സമീപനം സ്വീകരിച്ച് വ്യതിയാനങ്ങൾ കുറയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 10671924

വരവ് – 51494482

ആകെ – 62166406

ചെലവ് – 57657753

നീക്കിയിരിപ്പ്- 4508653

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1638002 | 10965562 | 12603564 | 12603564 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4711000 | 4711000 | 4711000 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 9000 | 9000 | 9000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 12965 | 7373162 | 7386127 | 7386127 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 87 | 3299664 | 3299751 | 3299751 | 0 | 0 |
| ധനകാര്യ | 2 | 4274480 | 4274482 | 4274482 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ അവാർഡ് | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 24069 | 5120433 | 5144502 | 5144502 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 56332816 | 149 | 46020166 | 0 | 14 | 91.41% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)ഇല്ല

നിർവ്വഹണോദ്ധ്യോഗസ്ഥർ നടപ്പിലാക്കിയവ

| നിർവ്വഹണോദ്ധ്യോഗസ്ഥർ | അംഗീകാരംലഭിച്ചവ | അടങ്കൽ | നിർവ്വഹണം നടത്തിയവ | ചെലവഴിച്ചതുക | നടപ്പിലാക്കാത്തവ | ഭാഗികമായി നടപ്പിലാക്കിയവ | ശതമാനം |
|---|---|---|---|---|---|---|---|
| സെക്രട്ടറി | 23 | 6258792 | 22 | 5238975 | 1 | 1 | 83% |
| അസി.സെക്രട്ടറി | 6 | 2372000 | 6 | 2372000 | 0 | 0 | 100% |
| അസി.എൻജിനിയർ | 92 | 24988360 | 92 | 22544292 | 0 | 6 | 90% |
| വെറ്റി.സർജ്ജൻ | 8 | 1483500 | 8 | 1150000 | 0 | 0 | 77% |
| കൃഷി | 8 | 5505050 | 8 | 2032550 | 0 | 1 | 37% |
| വി.ഇ.ഒ | 8 | 8782455 | 8 | 6750000 | 0 | 4 | 77% |
| മെഡി. ISM | 4 | 1019437 | 4 | 999237 | 0 | 0 | 98% |
| മെഡി. ആയുർവ്വേദം | 1 | 700000 | 1 | 700000 | 0 | 0 | 100% |
| ഹെഡ്മാസ്റ്റർ | 6 | 1726828 | 7 | 1323328 | 0 | 0 | 77% |
| ICDS | 7 | 3496394 | 6 | 2372000 | 0 | 0 | 68% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.58 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5605920 | 4149094 | (-)1456826 | (-)25.98% |
| നികുതിയേതര വരവുകൾ | 645642 | 729964 | 84322 | (+)13.06% |
| മറ്റു വരവുകൾ | 398775 | 136861 | 261914 | (-)65.68% |
| ആകെ | 6650337 | 5015919 | 1634418 | (-)24.58% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 119880 | 72 |
| കർഷക തൊഴിലാളി വേതനം | 5751870 | 747 |
| വിധവാ പെൻഷൻ | 24493040 | 1533 |
| വാർദ്ധക്യകാല പെൻഷൻ | 10884360 | 1632 |
| വികലാംഗ പെൻഷൻ | 4593970 | 473 |
| വിവാഹ ധനസഹായം | 200000 | 4 |
| 50 വയസ്സിനു മുകളിൽ.....സഹായം | 535000 | 67 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 1 | 1 | 0 | - |
| 2 | കർഷകതൊഴിലാളി വേതനം | 15 | 6 | 9 | ബാക്കിയുള്ള അപേക്ഷകളിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. |
| 3 | വിധവാപെൻഷൻ | 90 | 84 | 3 | ,, |
| 4 | വാർദ്ധക്യകാലപെൻഷൻ | 356 | 232 | 7 | ,, |
| 5 | വികലാംഗപെൻഷൻ | 72 | 37 | 0 | ,, |
| 6 | വിവാഹ ധനസഹായം | 5 | 4 | 0 | ,, |
| 7 | 50 വയസ്സിനു മുകളിൽ.....സഹായം | 7 | 7 | 0 | ,, |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 47386 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 3.9.2016 | 8/2016 | ഇല്ല | ബാധകമല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 21.7.2008-2.8.2008 | 1997-98 മുതൽ 2007-08 വരെ | 25.9.2008 | ഖരമാലിന്യ പ്ലാന്റ് പ്രവർത്തനക്ഷമമല്ല. |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ വസ്തു നികുതി പരിശോധനയിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ.-

| ടവർ/കെട്ടിട നമ്പർ | വിലാസം | വർഷം |
|---|---|---|
| 2/ 264 H | അലിയാർ, മുഹമ്മദ്, കണ്ടപ്പത്ത് | 2015-16 |
| 2/ 264 I | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2015-16 |
| 6/ 672 | ഹംസ ഹാജി (റിലയൻസ് കമ്മ്യൂണിക്കേഷൻസ്) | 2015-16 |
| 6/825 C | ഭാരതി എയർടെൽ | 2015-16 |
| 9/ 266 B | MS. Indus Towers Ltd | 2015-16 |

ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 2/19-10-2016) ക്ക് സെക്രട്ടറി നൽകിയ മറുപടി പ്രകാരം പ്രസ്തുത ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

1. 2015-16 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. ദിവസ വിറ്റുവരവോ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവറോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എപ്രകാരമാണ് ലൈസൻസ് ഫീ കണക്കാക്കി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമല്ല. അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കേണ്ടതുമാണ്.

2. ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷയെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷയെ കുറിച്ച് അന്വേഷണം നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

3. അപേക്ഷയിൽ പതിച്ച സ്റ്റാമ്പുകൾ പൂർണ്ണമായും റദ്ദ് ചെയ്തിട്ടില്ല.

4. ഗ്രാമ പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനത്തിനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ഫീൽഡ് പരിശോധന നടത്തി കാണുന്നില്ല. ഫീൽഡ് പരിശോധന നടത്തി അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി - വീട്ടുവാടക ബത്ത വരുമാനത്തിൽ ഉൾപെടുത്തേണ്ടതില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കുന്നതിന് ആകെ വരുമാനത്തിൽ വീട്ടുവാടക ബത്ത ഉൾപെടുത്തേണ്ടതില്ല. 2015-16 ഒന്നാം അർദ്ധവർഷത്തിൽ പഞ്ചായത്തിൽ നിന്നും സ്ഥാപനങ്ങൾക്ക്, ഡിമാന്റ് നോട്ടീസിനൊപ്പം നൽകിയ റിട്ടേൺ ഫോമുകളിൽ വീട്ടുവാടക ബത്ത ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നുണ്ട്. അതുപോലെ ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവ പകുതി വീതം രണ്ടു അർദ്ധവർഷത്തെ വരുമാനമായി കണക്കാക്കാവുന്നതാണ്. ഒരു വ്യക്തി ഒരു അർദ്ധവർഷം ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ജോലി ചെയ്യുമ്പോൾ ഒരു സ്ഥാപനത്തിൽ നികുതി അടച്ചാൽ ആ അർദ്ധവർഷം അയാൾ ആ സ്ഥാപനത്തിൽ അടക്കേണ്ട നികുതിയും അടച്ച നികുതിയും തമ്മിലുള്ള വ്യത്യാസം രണ്ടാമത്തെ സ്ഥാപനത്തിൽ അടക്കേണ്ടതാണ്. തൊഴിൽ നികുതി ഇളവുള്ള

വികലാംഗരുടെ സർട്ടിഫിക്കറ്റ് പകർപ്പോ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രമോ റിട്ടേണുകൾക്കൊപ്പം സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

## 2-4 തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിലെ പുരോഗതി

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയ നികുതിയിനങ്ങളിൽ പരസ്യ നികുതിയിൽ പരിമിതമായ തുക പുതുതായി ഉൾപ്പെടുത്തി വരുമാന വർദ്ധനവിന് ശ്രമം നടത്തിയതായി കാണുന്നുണ്ട്. നികുതി നിർദ്ദേശങ്ങളിൽ പുതുതായി ഉൾപ്പെടുത്തിയ പരസ്യ നികുതി വരവിൽ നിന്നും 5000 രൂപയെന്ന പരിമിതമായ തുകയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടത്. എന്നാൽ നികുതി പിരിവുമായി ബന്ധപ്പെട്ട നിയമാവലിക്ക് ഭരണ വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് വർഷത്തിൽ നികുതി പിരിവ് നടക്കുകയുണ്ടായില്ല. നിയമാവലിക്ക് അടിയന്തിരമായി അനുമതി വാങ്ങി നികുതി പിരിച്ചെടുക്കാൻ നടപടിയുണ്ടാവേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക ഉപകരണങ്ങളുടെ വിതരണം : അധിക നിരക്കിൽ സബ്സിഡി നൽകി

| പ്രോജക്റ്റ് : പമ്പ് സെറ്റ് വാങ്ങൽ | പ്രോജക്റ്റ് : കാർഷിക യന്ത്രവൽക്കരണം |
|---|---|
| നം. : S 0053/16 | നം. : S 0052/16 |
| അടങ്കൽ : 2,00,000 | അടങ്കൽ : 1,81,550 |
| ബിൽ നം. 2/15-16/20-10-2015 : 72,390 | ബിൽ നം. 1/15-16/20-10-2015 : 75,775 |
| ബിൽ നം. 5/15-16/23-03-2016 : 27,610 | ബിൽ നം. 7/15-16/23-03-2016 : 15,000 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ജനറൽ വിഭാഗത്തിൽപ്പെട്ട മേൽ പ്രൊജക്റ്റുകളിൽ ആകെ 36 ഗുണഭോക്താക്കൾക്ക് വിവിധ കാർഷിക ഉപകരണങ്ങൾ /യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ, ജി.ഒ.(എം.എസ്.)നം. 362/2013/തസ്വഭവ/16-11-2013 -ാം നമ്പർ മാർഗ്ഗരേഖയിലെ അനുബന്ധം 16, ഖണ്ഡിക 3.1.7 പ്രകാരം പമ്പ്സെറ്റ്/കാടുവെട്ട് യന്ത്രത്തിന്റെ യൂണിറ്റ് കോസ്റ്റ്/വിലയുടെ 50% പരമാവധി 5,000/- രൂപ നൽകാവുന്നതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ പരമാവധി തുകയിൽ സബ്സിഡി പരിമിതപ്പെടുത്താതെ വിലയുടെ 50% തുക സബ്സിഡിയായി നൽകി. അധികം തുക നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കാർഷിക ഉപകരണം/ യന്ത്രം | നല്കിയ ധനസഹായം | നല്കാവുന്ന ധനസഹായം | അധികം |
|---|---|---|---|---|---|
| 1 | ശ്രീ. മുഹമ്മദ്, പാലക്കിരി വീട് | പമ്പ് സെറ്റ് | 10,000 | 5,000 | 5,000 |
| 2 | ശ്രീ. വേലപ്പൻ, കീരിത്തൊടി വീട് | പമ്പ് സെറ്റ് | 7,080 | 5,000 | 2,080 |
| 3 | ശ്രീമതി നർജസ് ബീഗം, കിഴക്കേതിൽവീട് | പമ്പ് സെറ്റ് | 10,000 | 5,000 | 5,000 |
| 4 | ശ്രീ. ഗോവിന്ദൻ കുട്ടി, എടത്തൊടി വീട് | പമ്പ് സെറ്റ് | 6,960 | 5,000 | 1,960 |

| | | | | | |
|---|---|---|---|---|---|
| 5 | ശ്രീ. അവറാൻകുട്ടി, പാലൂർ വീട് | പമ്പ് സെറ്റ് | 5,540 | 5,000 | 540 |
| 6 | ശ്രീ. വീരാൻ, ഈനംപള്ളത്ത് വീട് | പമ്പ് സെറ്റ് | 10,000 | 5,000 | 5,000 |
| 7 | ശ്രീ. ഹംസ. എം.കെ, മണ്ണേങ്ങൽ കണ്ണംതൊടി വീട് | പമ്പ് സെറ്റ് | 8,510 | 5,000 | 3,510 |
| 8 | ശ്രീ. അബ്ദുൽ അലി, മണ്ണേങ്ങൽ കണ്ണംതൊടി വീട് | പമ്പ് സെറ്റ് | 10,000 | 5,000 | 5,000 |
| 9 | ശ്രീ. അഹമ്മദ്, പെരിങ്ങോടൻ വീട് | പമ്പ് സെറ്റ് | 9,469 | 5,000 | 4,469 |
| 10 | ശ്രീ. കൃഷ്ണദാസൻ, പൂക്കോട്ടിൽ തടപ്പറമ്പത്ത് വീട് | പമ്പ് സെറ്റ് | 9,233 | 5,000 | 4,233 |
| 11 | ശ്രീ. സൈതലവി, ചോലാപറമ്പത്ത് വീട് | പമ്പ് സെറ്റ് | 8,908 | 5,000 | 3,908 |
| 12 | ശ്രീ. രവീന്ദ്രൻ, സദ്ഗമയ | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 13 | ശ്രീ. മുഹമ്മദ്, തെക്കേതിൽ | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 14 | ശ്രീ. അബ്ദുറഹ്മാൻ, മണ്ണേങ്ങൽ കണ്ണംതൊടി വീട് | കാട് വെട്ട് യന്ത്രം | 7250 | 5,000 | 2,250 |
| 15 | ശ്രീ. കുട്ടൻ, വേങ്ങാട്ടുപള്ളിയാലിൽ | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 16 | ശ്രീ. അബൂബക്കർ, മങ്കടക്കുഴിയിൽ വീട് | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 17 | ശ്രീമതി സരോജിനി, വട്ടുവങ്കര വീട് | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 18 | ശ്രീ. സൈതലവി, പാലോളി വീട് | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |

| | | | | | |
|---|---|---|---|---|---|
| 19 | ശ്രീ. അൻവർ സാദത്ത്, കൊട്ടവാൻതൊടി വീട് | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 20 | ശ്രീ. മൊയ്തീൻ കുട്ടി, വട്ടംകണ്ടത്തിൽ വീട് | കാട് വെട്ട് യന്ത്രം | 7500 | 5,000 | 2,500 |
| 21 | ശ്രീമതി റാബിയ, കൊരക്കാക്കോട്ടിൽ വീട് | കാട് വെട്ട് യന്ത്രം | 6,000 | 5,000 | 1,000 |

ആകെ : 63,950

അധികം നൽകിയ ധനസഹായ തുക 63,950 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം- 14/20-10-2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 സമഗ്ര വിദ്യാഭ്യാസം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിർവ്വഹണം നടത്തിയത് സംബന്ധിച്ച്

പ്രോജക്ട് നം-47/15-16 സമഗ്ര വിദ്യാഭ്യാസം (ജനറൽ) അടങ്കൽ -104000/-രൂപ

നിർവ്വഹണം-ഹെഡ്മാസ്ററർ

വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൻറ ഭാഗമായി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിനായി താഴെപ്പറയും പ്രകാരം 1,04,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ സ്പോർട്സ് മീററ്, സ്കൂൾ പ്രവേശനോത്സവം, സ്കൂൾ വാർഷികം എന്നിവ നടത്താൻ വ്യവസ്ഥയില്ല. സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി (ജനറൽ) സ്കൂൾ വാർഷിക പരിപാടി നടത്തുന്നതിനും പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല. മുൻകൂർ സർക്കാർ അനുമതി വാങ്ങാതെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.

| ബിൽനം-തീയ്യതി | തുക | ചെലവ് -ഇനം | തുക |
|---|---|---|---|
| 1297117/30..7.15 | 22000 | സ്പോർട്സ് മീററ് | 22000 |
| 1297163/15.2.16 | 60000 | സ്കൂൾ പ്രവേശനോത്സവം (11സ്കൂൾ) | 22000 |
| 1297182/23.3.16 | 22000 | സ്കൂൾ കലോത്സവം | 48000 |
| | | സ്കൂൾ വാർഷികം (11സ്കൂൾ) | 22000 |
| TOTAL | 104000 | | 104000 |

ഇതു സംബന്ധിച്ച ഓഡിററ് എൻക്വയറിക്ക് (നം-7/15-16/18.10.16) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല. തുക നിരാകരിക്കുന്നു

## 3-3 വിദ്യാദീപം (എസ്.സി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ) മാർഗ്ഗരേഖ പാലിച്ചില്ല.

നിർവ്വഹണം. ഹെഡ്മാസ്റ്റർ

| പ്രോജക്ട്നം | അടങ്കൽ | ചെലവ് | ബിൽനം/ചെക്ക് നം-തീ. |
|---|---|---|---|
| 117/15-16 | 100000 | 100000 | 7/15-16/28.3.16 - (പ്ലാൻ) |

GO(MS)362/2013/LSGD/16.11.13 (ഖണ്ഡിക 6.1) പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള എൽ.പി, യു.പി (ഹൈസ്കൂൾ ഇല്ലാത്തവ) സ്കൂൾ എസ്.സി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗരേഖയ്ക്ക് വിധേയമായി താഴെ പറയുന്ന പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

1.മുഴവൻ എൽ.പി., യു.പി സ്കൂളുകളുടെയും അടിസ്ഥാന സൗകര്യ വികസനം ഒരുക്കൽ

2.ഗുണനിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി എസ്.എസ്.എ യുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി (ആവർത്തനം ഒഴിവാക്കി) നടപ്പിലാക്കാവുന്നതാണ്

3.ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടുകൂടി പ്രവർത്തിക്കാൻ കഴിവുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതിയുവാക്കൾ എന്നിവരെ ഉപയോഗപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിങ് നൽകൽ, സന്നദ്ധ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറമേയുള്ള യോഗ്യരായ അദ്ധ്യാപകരുടെ സേവനത്തിന് പ്രതിവർഷം 3000/-രൂപ നിരക്കിൽ വികസന ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്.

4.GO(MS)248/2012/LSGD/29.9.12 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിൽ (പൊതു നിബന്ധന 2.2) പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനൊ പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ സബ്സിഡി നൽകുന്നതിന് സർക്കാരിൽ നിന്ന് മുൻകൂട്ടി അനുമതി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി സാമ്പത്തിക വർഷത്തിൽ എസ്.സി വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനായി 11സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

ഭക്ഷണം -75060/-രൂപ

സ്റ്റേഷനറി -24940/-രൂപ

പദ്ധതി വിഹിതം ഉപയോഗിച്ച് ഇത്തരത്തിൽ നിർവ്വഹണം നടത്താൻ വ്യവസ്ഥയില്ലാത്തതാണ്.

## 3-4 ആട്ടുവളർത്തൽ പ്രൊജക്ട് : വ്യാജരേഖ ചമച്ച് പഞ്ചായത്ത് ഫണ്ട് അപഹരിക്കുന്നു

പ്രോജക്ട് : ആട്ടുവളർത്തൽ (വനിത)

പ്രോജക്ട് നം : SO19/16

അടങ്കൽ : 3,00,000/-

പ്രോജക്ട് : ആട്ടുവളർത്തൽ (SCP)

പ്രോജക്ട്നം : SO94/16

അടങ്കൽ : 1,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നം. 7 / 29-03-16 : 80,000

ബിൽ നം. 3 / 29-12-15 : 37,500

ബിൽ നം. 9 / 28-03-16 : 1,12,500

ഒരു ഗുണഭോക്താവിന് 3 വീതം 10 ഗുണഭോക്താക്കൾക്കായി ആകെ 30 ആടുകളെയാണ് വിതരണം ചെയ്തിരിക്കുന്നത്. എസ്.സി. വിഭാഗം പ്രൊജക്ടിൽ ഗുണഭോക്താക്കൾക്ക് 10,000 രൂപയും, ജനറൽ വിഭാഗം പ്രൊജക്ടിൽ ഗുണഭോക്താക്കൾക്ക് 7,500 രൂപയും ആണ് ധനസഹായം നല്കിയിട്ടുള്ളത്. മേൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു:

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആടിനെ വാങ്ങിയിരിക്കുന്നത്, അതേ വീടുകളിൽ തന്നെയുള്ള തങ്ങളുടെ കുടുംബാംഗങ്ങളിൽ നിന്നാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ആടിനെ വാങ്ങിയ ഗുണഭോക്താവ് | ആടിനെ വിൽപ്പന നടത്തിയ വ്യക്തി | ഗുണഭോക്താവുമായുള്ള ബന്ധം | നൽകിയ തുക | ഡി.ഡി. നം. |
|---|---|---|---|---|
| ശ്രീമതി നീലി തിരുത്തിൻമേൽ | ശ്രീ. കോരൻ തിരുത്തിൻമേൽ | ഭർത്താവ് | 10,000 | 907833/ 04-04-2016 |
| ശ്രീമതി മുണ്ടിച്ചി ചേലാർകുന്നത്ത് | ശ്രീ. രജിൻ കൃഷ്ണ ചേലാർകുന്നത്ത് | മകൻ | 10,000 | 907831/ 04-04-2016 |

| | | | | |
|---|---|---|---|---|
| | | | | |

ആകെ - 20,000

2. താഴെപറയുന്ന ആളുകൾ ഒരേ സമയം ആട്ടുകളെ ലഭിക്കുന്ന ഗുണഭോക്താവും, ആട്ടുകളെ വിൽക്കുന്ന വിൽപ്പനക്കാരുമാവുന്നു.

**a)** ശ്രീമതി സുജാത ഓട്ടുപാറക്ക് മൂന്ന് ആട്ടുകളെ നൽകിയതിന്റെ വിലയായി 10,000 രൂപ (വികസന ഫണ്ടിൽ നിന്നും) ശ്രീ. ശങ്കുണ്ണി ഓട്ടുപാറക്ക് നല്കിയിട്ടുണ്ട്. (ഡി.ഡി.നം. 907832/4-4-16).

അതേ സമയം, ശ്രീമതി സരോജിനി ഓട്ടുപാറക്ക് മൂന്ന് ആട്ടുകളെ വിറ്റതിന്റെ വിലയായി 10,000 രൂപ വികസന ഫണ്ടിൽ നിന്നും ശ്രീമതി സുജാത ഓട്ടുപാറ സ്വീകരിച്ചിട്ടുണ്ട് (ഡി.ഡി.നം. 907834/4-4-16).

**b)** ശ്രീമതി പാത്തുമ്മ പീരാളിക്ക് മൂന്ന് ആട്ടുകളെ നൽകിയതിന്റെ വിലയായി 7,500 രൂപ വികസന ഫണ്ടിൽ നിന്നും ശ്രീമതി ആയിഷ പീരാളിക്ക് നല്കിയിട്ടുണ്ട്.(ഡി.ഡി.നം. 907836/4-4-16).

അതേ സമയം, ശ്രീമതി ആയിഷ പീരാളിക്ക് മൂന്ന് ആട്ടുകളെ വിറ്റതിന്റെ വിലയായി 7,500 രൂപ വികസന ഫണ്ടിൽ നിന്നും ശ്രീമതി പാത്തുമ്മ പീരാളി സ്വീകരിച്ചിട്ടുണ്ട് (ഡി.ഡി.നം. 907837/4-4-16).

യഥാർത്ഥത്തിൽ, ആട്ടുകളെ വാങ്ങുകയോ വിൽക്കുകയോ ചെയ്യാതെ വ്യാജ രേഖകൾ ഉണ്ടാക്കി ചെലവഴിച്ച പൊതുപണം 55,000 രൂപ (20,000+10,000+10,000+7,500+7500) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതിയെപ്പറ്റി വിശദമായ അന്വേഷണം ഭരണസമിതി നടത്തി വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം അപാകതകൾ

പ്രോജക്ടിന്റെ നം-50/15-16 അടങ്കൽ -700000/-

ചെലവ് -700000 ബിൽ നം- 3/15-16/19.9.15 -38400

ബിൽ നം- 4/15-16/30.1.16 -90400

ബിൽ നം- 6/15-16/23.3.16 -271200

ചെക്ക് നം -1297159/28.1.16 -300000

74 ഗുണഭോക്താക്കൾക്കാണ് സ്കോളർഷിപ്പ് തുക നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി മുഖേന താഴെ പറയുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ക്രമ നമ്പർ 1, 3, 4 ഹാജരാക്കുകയുണ്ടായില്ല.

1. പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്
2. യോഗ്യത തെളിയിക്കുന്ന രേഖകൾ (ഡിസ്എബിലിററി സർട്ടിഫിക്കററ്)
3. പഞ്ചായത്തിൽ സ്ഥിര താമസക്കാരാണ് എന്ന് തെളിയിക്കുന്ന രേഖ
4. സ്കൂളുകളിൽ പഠിക്കുന്നത് സംബന്ധിച്ച രേഖ എന്നിവ

മാത്രമല്ല, വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസ്സിനനുസരിച്ച് സർക്കാർ ഉത്തരവ് അനുസരിച്ചിട്ടുള്ള തുക മുഴുവൻ നൽകുന്നതിലും വീഴ്ച വരുത്തി. തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം-9/15-16 /18.10.16) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല.

## 3-6 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്തയ്യാറാക്കൽ, നിർവ്വഹണം എന്നിവയിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ, സാങ്കേതിക നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വീഴ്ച വരുന്നുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

1.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗിൽ രണ്ടു വർഷമായി കാര്യമായ പ്രവർത്തനം നടക്കാത്താനായില്ലെന്ന് വിശദീകരിക്കുകയുണ്ടായി. റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്തതിനാൽ നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായിട്ടില്ല.

2.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കാനായില്ല

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിച്ച് 28.2.2015 നകം പൂർത്തീകരിക്കാനുള്ള തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാനായില്ല. ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നമ്പർ സർക്കുലറിൽ എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനും നിർദ്ദേശം നൽകിയതാണ്. 2015-16 ലെ വാർഷിക പദ്ധതിയിലും പ്രോജക്ട് ഉൾപ്പെടുത്താനായില്ല.

3.ടെൻഡർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം പരിമിതം

2015-16 വർഷത്തിൽ ടെൻഡർ ചെയ്ത 32പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോന്നിലും രണ്ട് കരാറുകാർ വീതമാണ് പങ്കെടുത്തതെന്ന് കാണുന്നു. ഒരു പ്രവൃത്തിയും ടെൻഡർ കുറവ് ക്വാട്ട് ചെയ്തിട്ടില്ല. 2014 ലെ ഡി എസ് ആർ നിരക്കിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ടാറിംഗ് പ്രവൃത്തികളിൽ ഷെഡ്യൂൾ നിരക്കിനേക്കാൾ വളരെ കുറഞ്ഞ പ്രാദേശിക നിരക്കിൽ ടാർ ലഭ്യമായിരുന്നതിനാൽ ടെൻഡർ കുറവിൽ പോകാനുണ്ടായിരുന്ന സാധ്യത പ്രയോജനപ്പെടുത്താനായില്ല. ടെൻഡർ നടപടികളിൽ പങ്കാളികളാവുന്ന കരാറുകാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവാനും കൂടുതൽ മത്സരാധിഷ്ഠിതമാക്കാനും ബോധപൂർവ്വമായ ഇടപെലുണ്ടാവേണ്ടതാണ്.

4.ഈ-ടെൻഡർ നടപടി ശക്തിപ്പെടുത്തേണ്ടതാണ്

2015-16 വർഷത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഒരു പ്രവൃത്തി ഈ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന നയം ശക്തമായി തുടരാൻ കൃത്യമായ മോണിറ്ററിംഗ് ഉണ്ടവേണ്ടതാണ്.

5.റോഡ് കോൺക്രീറ്റിംഗിന് നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. റോഡിന്റെ ഉപരിതലത്തിൽ ടാറിംഗിന് പകരം കോൺക്രീറ്റിംഗ് നിർവ്വഹിക്കുന്നുവെങ്കിൽ ആയതിന് വ്യക്തമായ കാരണങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു.

റോഡിന്റെ നിർമ്മാണ ചെലവ്, റോഡിന്റെ പ്രധാന്യം എന്നിവ പരിഗണിച്ച് സിമന്റ് കോൺക്രീറ്റ് 1:4:8, 10 cm, സിമന്റ് കോൺക്രീറ്റ് 1:2:4, 5cm എന്ന രീതിയിലും വാഹന ഗതാഗതം ഉള്ള പാതകൾക്ക് വാഹന ബാഹുല്യം, സബ് ഗ്രേഡിന്റെ ഉറപ്പ് എന്നിവ പരിഗണിച്ച് സിമന്റ് കോൺക്രീറ്റ് 1:4:8, 10 മുതൽ 15 cm വരെയും 1:2:4, 5 മുതൽ 7.5 വരെയും നൽകാനാണ് ചീഫ് എഞ്ചിനീയറുടെ 28.09.2015 ലെ ഡി ബി 4-9099/2015 നമ്പർ കത്തിൽ (കോഴിക്കോട് കോർപ്പറേഷന് അയച്ചത്) നിർദ്ദേശിച്ചത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ സിമന്റ് കോൺക്രീറ്റ് 1:2:4, 10 cm വരെ കനത്തിൽ നൽകി കാണുന്നുണ്ട്. ഉദാഹരണമായി,

1.32/15: കണക്കഞ്ചേരി ഇടവഴി കോൺക്രീറ്റിംഗ് അടങ്കൽ : 4.5 ലക്ഷം രൂപ

2.99/16: കുനങ്ങാട്ട് റോഡ് കോൺക്രീറ്റിംഗ് അടങ്കൽ : 1 ലക്ഷം

3.101/16: ചാരക്കുണ്ട് പന്നിക്കോട് റോഡ് കോൺക്രീറ്റിംഗ് :1 ലക്ഷം രൂപ

6. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല. ഗുണഭോക്തൃ സമിതികളുടെ കൺവീനർമാരാരും മൊബിലൈസേഷൻ അഡ്വാൻസ് സ്വീകരിക്കുകയോ പ്രവൃത്തികളുടെ പാർട്ട് ബിൽ പേയ്മെന്റ് ആവശ്യപ്പെടുകയോ ചെയ്യുന്നില്ലായെന്ന് കാണുന്നു. സമിതികളുടെ പ്രവർത്തനത്തിൽ ബാഹ്യനിയന്ത്രണം വരാതിരിക്കാൻ കൃത്യമായ മോണിറ്റിംഗ് ഉണ്ടാവേണ്ടതാണ്.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശ ഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്.

## 3-7 തെരുവു വിളക്ക് സ്ഥാപിക്കൽ (എസ്.സി) ഇൻസ്ററലേഷൻ സർട്ടിഫിക്കററ് ഹാജരാക്കിയില്ല

പ്രോജക്റ്റ് -44/15-16 അടങ്കൽ -189750/-

നിർവ്വഹണം -സെക്രട്ടറി വൗച്ചർ നം 21500399/31.8.15 -189750/-(40 LED 45W )

(40 LED 45W) ബൾബുകൾ സ്ഥാപിക്കുന്നതിന്ന് KREWS, കണ്ണൂരിന് തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

A.ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല

B.KSEB യ്ക്ക് ഇൻസ്റ്റലേഷൻ ചാർജ്ജ് ഒടുക്കിയിട്ടില്ല( 150/-വീതം)

C.KSEB യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കററ് ഇല്ല

D.മോണിട്ടറിങ് സമിതിയുടെ റിപ്പോർട്ട് ഇല്ല

E. KREWS ന് ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ 100/-രൂപ നിരക്കിൽ 4000/- അനുവദിച്ചു

മേൽ കാരണങ്ങളാൽ തുക തടസ്സപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്ന്

കാണിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം-14/15-16/20.10.16)സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല. തുക തടസ്സപ്പെടുത്തുന്നു

## 3-8 മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം-16/15-16 അടങ്കൽ 200000/-

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ബിൽ നം-16/15-16/30.3.16 തുക -200000/-

മരുന്ന് വാങ്ങിക്കുന്നതിനുള്ള തുക മെഡിക്കൽ കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിററ് എൻക്വയറിക്ക് (നം-15/15-16/20.10.16) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല. തുക തടസ്സപ്പെടുത്തുന്നു

## 3-9 വികലാംഗർക്ക് മുച്ചക്ര വാഹനം -രേഖകൾ അപൂർണ്ണം

പ്രോജക്റ്റ് നം-123/15-16 അടങ്കൽ -347500/-

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ബിൽ നം-1/15-16/17.6.15 തുക 347500/-

താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് കെൽട്രോൺ മുഖേന സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടുണ്ട്.

1.അബ്ദുൾ സലാം, ചേരിക്കാട്ടിൽ, വാർഡ് -19

2.അബൂബക്കർ ചേനിയൻക്കുന്നൻ, വാർഡ് -7

3.മുഹമ്മദാലി കുപ്പത്ത്, വാർഡ്-5

4.അബൂബക്കർ, പറമ്പിൽപീടിക, വാർഡ് -5

5.വിജയൻ, വരിക്കപ്ലാക്കൽ, വാർഡ് -1

രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ ലൈസൻസ് (R.T.O നൽകുന്നത്) ഓഡിററിന് ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിററ്എൻക്വയറിക്ക് (നം17//20.10.16) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-10 മെയിന്റനൻസ് (റോഡിതരം) ഗ്രാൻറ് വിനിയോഗം-മാനദണ്ഡങ്ങൾ പാലിച്ചില്ല

| നം | പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 172/15-16 | 150000 | 126726 | 21500913/25.2.16 | MG(N.R) |

രേഖകളുടെ പരിശോധനയിൽ 3 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കൃഷിഓഫീസർ, വി.ഇ.ഒ, അസി.എൻജിനിയർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് വാങ്ങി നൽകിയിട്ടുണ്ട്. ടെൻണ്ടർ മുഖേന നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.മെയിന്റനൻസ് (റോഡിതരം) ഗ്രാന്റ് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് വ്യവസ്ഥയില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉപകരണങ്ങളുടെ മെയിന്റനൻസിന് മാത്രമേ തുക ചെലവഴിക്കാവൂ എന്നും വ്യവസ്ഥയുണ്ട്.

2.തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ പർച്ചേസ് IKM സ്പെഫിക്കേഷൻ പ്രകാരം KELTRON ൽ നിന്നും ആയിരിക്കണമെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ട്. ആയതിന് വിരുദ്ധമായി ടെൻണ്ടർ മുഖേന വാങ്ങിയത് ക്രമപ്രകാരമല്ല. തുക 126726രൂപ തടസ്സപ്പെടുത്തുന്നു. ഇവ സംബന്ധിച്ച് ഓഡിററ് എൻക്വയറിക്ക് (നം-10/15-16/18.10.16) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-11 10-ാം തരം എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-വിതരണ വിവരം സുതാര്യമല്ല.

നിർവ്വഹണം-ഹെഡ് മാസ്ററർ

| പ്രോജക്ട്നം | അടങ്കൽ | ചെലവ് | ബിൽനം/ചെക്ക് നം-തീ. |
|---|---|---|---|
| 46/15-16 | 210900 | 210900 | 11/14-15/ 20.3.15(പ്ലാൻ-SCP) |

പദ്ധതി മാർഗ്ഗരേഖ GO(MS)362/2013/LSGD/16-11-13 പ്രകാരം പഞ്ചായത്ത് പരിധിയിലെ 10-ാം തരം എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് വേണ്ടി തയ്യാറാക്കി അനുമതി വാങ്ങിയ പ്രോജക്ട് പ്രകാരം 56 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട്. നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ലിസ്റ്റ് നൽകിയത് സ്കൂൾ അധികൃതർ ആണെങ്കിലു വിതരണം സംബന്ധിച്ച രേഖകൾ ഇല്ല. (സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്കൂളുകൾക്ക് കൈമാറിയത് സംബന്ധിച്ച് രേഖയില്ല)

2.വാങ്ങിയ 56 സൈക്കിളുകളും വിദ്യാർത്ഥികൾ കൈപ്പറ്റിയതായി രശീതി ഉണ്ടെങ്കിലും പഞ്ചായത്തിലെ സ്ഥിര താമസക്കാരാണെന്ന് തെളിയിക്കുന്ന റസിഡൻഷ്യൽ സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല. സ്കൂൾ മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.പട്ടികജാതി വകുപ്പിൽ നിന്നും ഈ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടില്ലെന്ന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ നിർദ്ദേശിച്ച രേഖകൾ ഓഡിററിന് ഹാജരാക്കുന്നതിന് ഇവ സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക്

(നം-7/15-16/18.10.16) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-12 വാർഷിക പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിലും ഗ്രാമസഭകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ജനപങ്കാളിത്തമുണ്ടാക്കി പ്രോജക്ട് നിർദ്ദേശങ്ങളിൽ ഗൗരവതരമായ പരിശോധന ഉറപ്പു വരുത്തുന്നതിലും പരിശ്രമമുണ്ടാകുന്നില്ലായെന്ന് കാണുന്നു.

മുൻ വർഷങ്ങളിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ, സ്ഥിതിവിവര കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതിലും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതിലും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കാര്യമായ ചുമതലകൾ നിറവേറ്റാനുണ്ട്. ബന്ധപ്പെട്ട മിനുട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ വർഷത്തിൽ ഒരു തവണ മാത്രമാണ് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേർന്നിട്ടുള്ളതെന്നും പദ്ധതികൾ നിർദ്ദേശിച്ച് തുടർന്നുള്ള ഘട്ടത്തിലോ മോണിറ്ററിങ്ങിന്റെ ഘട്ടങ്ങളിലോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ യോഗം ചേർന്നിട്ടില്ലായെന്നും കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണ ഘട്ടങ്ങളിലും വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ സുതാര്യതയും ബഹുജന പങ്കാളിത്തവും ഉറപ്പു വരുത്താനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

## 3-13 വൈദ്യുതി കണക്ഷൻ ഡെപ്പോസിറ്റ് തുക തിരിച്ച് ഈടാക്കാനുള്ളത്

- ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 9 ലുള്ള ആലംമ്പാറ കുടിവെള്ള പദ്ധതി (കൺസ്യൂമർ നമ്പർ 11552 ) പ്രവർത്തന രഹിതമായതിനാൽ പദ്ധതിയുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനും കൺസ്യൂമർ നമ്പറിലെ ഡെപ്പോസിറ്റ് തുക 121,712 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിന് വൈദ്യുതി ബോർഡിനോട് അപേക്ഷിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതി യോഗം(23.07.2015 ലെ 5(10)4 ) തീരുമാനിക്കുകയുണ്ടായി. കൂടാതെ ഡെപ്പോസിറ്റ് തുകയിൽ നിന്നും മറ്റൊരു പദ്ധതിയായ ചെമ്മല – കാരക്കുന്ന് കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക തുകയായ 40,629 രൂപ (കൺസ്യൂമർ നമ്പർ 20642) അടവാക്കി കുടിശ്ശിക തീർപ്പാക്കാനും തീരുമാനിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതിയുമായി കരാർ ഉണ്ടാക്കിയിട്ടില്ല. ഇതിനെ തുടർന്നുണ്ടായ നടപടിയെന്താണെന്ന് വ്യക്തമല്ല. പഞ്ചായത്ത് ഭരണ സമിതിയുടെ 05.12.2015ലെ യോഗത്തിൽ തീരുമാനം നമ്പർ 6(25) ആയി വളപുരം കുടിവെള്ള പദ്ധതിയിൽ വൈദ്യുതി കുടിശ്ശിക മേൽപറഞ്ഞ പ്രവർത്തന രഹിതമായ പദ്ധതിയുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നും ക്രമീകരിക്കാനും ബോർഡിനോട് നിർദ്ദേശിക്കാൻ തീരുമാനിക്കുകയുണ്ടായി. എത്രയാണ് കുടിശ്ശിക തുകയെന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രവർത്തനരഹിതമായ ആലംമ്പാറ കുടിവെള്ള പദ്ധതിയുടെ ഉപയോഗപ്പെടുത്താവുന്ന ആസ്തികൾ എപ്രകാരം പ്രയോജനപ്പെടുത്തുന്നുവെന്ന് വിശദീകരിക്കേണ്ടതാണ്. കൂടാതെ മേൽപറഞ്ഞ രണ്ട് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാനായ സാഹചര്യവും ഡെപ്പോസിറ്റ് തുകയിൽ നിന്നും ക്രമീകരിച്ചതിന്റെ വിവരം വൈദ്യുതി ബോർഡിൽ നിന്നുള്ള രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്.

## 3-14 സ്ട്രീറ്റ് ടാപ്പ്,തെരുവ് വിളക്ക് -സംയുക്ത പരിശോധന

ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 214 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 93625/- രൂപ അടവാക്കി വരുന്നു.

എ) വെള്ളക്കരം അടവാക്കിയത് സംബന്ധിച്ച പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന 13-02-15 ൽ നടത്തിയിട്ടുണ്ട്.
2. സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 214 ടാപ്പുകളാണുള്ളത് . പൊതു ടാപ്പുകൾ സ്ഥാപിച്ച സ്ഥലം രേഖപ്പെടുത്തിയതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാട്ടർ ചാർജ്ജ് അടവാക്കിയതിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് പൂർണ്ണമല്ല .
3. കേരള വാട്ടർ അതോറിറ്റി ഓരോ മാസവും മുൻ മാസത്തെ ചാർജിന്റെ ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ട്. വാട്ടർ

ചാർജിനത്തിൽ പഞ്ചായത്തിന് കുടിശ്ശിക ഇല്ല

ബി).തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ താഴെപ്പറയുന്ന തുക നൽകിയിട്ടുണ്ട്

നിലവിലുള്ള ഉപകരണങ്ങൾ (KSEB യുടെ ഡിമാന്റ് പ്രാകാരം)

സാധരണ ബൾബ് -125 എണ്ണം

CFL 15W -735 എണ്ണം

CFL 22W -209 എണ്ണം

LED -102 എണ്ണം

ട്യൂബ് 40W -69 എണ്ണം

ട്യൂബ് 40W -7 എണ്ണം

SODIUM V.L -14 എണ്ണം

പ്രതി വർഷം അടവാക്കുന്ന വൈദ്യുത ചാർജ്ജ് – 42677 x 12 = 512124/- രൂപ

പഞ്ചായത്ത് പരിധിയിൽ നിലവിൽ സാധാരണ ബൾബുകൾ, സോഡിയം വേപ്പർ ലാമ്പ് എന്നിവയുടെ എണ്ണം വളരെ കുറവാണെന്നിരിക്കേ ആയതിന് ഭീമമായ തുക വൈദ്യുത ചാർജ്ജിനത്തിൽ നൽകി വരുന്നത് ക്രമീകരിക്കാൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ഭരണസമിതിയിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിററ് എൻക്വയറിക്ക് (നം-7/15-16/18.10.16) സമർപ്പിച്ച മറുപടിയിൽ ആയത് പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-15 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയ ഭവന നിർമ്മാണ പദ്ധതി മുഖേന വീടുനിർമ്മാണത്തിന് ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും വീടുപണി പൂർത്തീകരിച്ചിട്ടില്ല.

ഭവന നിർമ്മാണം - വനിത പ്രോജക്റ്റ് നം. S 0035/16

ബിൽ നം. 1/15-16/01-06-2015 : 10,00,000 പരമാവധി ധനസഹായം : 1,50,000 രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തിയ്യതി |
|---|---|---|---|
| 1 | ശ്രീമതി ദിയ, എറക്കത്ത് വീട് | 40,000 | 03-06-15 |
| 2 | ശ്രീമതി സുലൈഖ, വാഴയിൽ വീട് | 40,000 | 03-06-15 |
| 3 | ശ്രീമതി ഫാത്തിമ സുഹ്റ,<br>D/o. മുഹമ്മദ് | 40,000 | 03-06-15 |

ടി ഗുണഭോക്താക്കൾക്ക് വീടുപണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതും വീടുപണി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതുമാണ്.

## 3-16 ആശ്രയ - അഗതി പുനരധിവാസ പദ്ധതി - അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റിയില്ല.

കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതികളുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭക്ഷണം, ആരോഗ്യ സുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്നതാവണം പരിചരണ സേവനങ്ങളുടെ പാക്കേജെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്.

ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ അഗതികളായി കണ്ടെത്തിയ 172

കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രോജക്ട് തയ്യാറാക്കിയതായും ഭക്ഷണം, ചികിൽസ മാത്രം ഉൾപ്പെടുത്തി തുടർ സേവന പ്രോജക്ടും രണ്ടാം ഘട്ടമായി 128 കുടുംബങ്ങളെ പുനരധിവാസിപ്പിക്കാൻ മറ്റൊരു പ്രോജക്ടും തയ്യാറാക്കുകയുണ്ടായി. പദ്ധതി കാലയളവ് 2011 ജൂലൈ മുതൽ 2014 മാർച്ച് വരെയുണ്ടായിരുന്ന ഒന്നാമത്തെ പ്രോജക്ടിൽ വീട് റിപ്പയർ പ്രവർത്തനം മാത്രമാണ് പൂർണ്ണമായ തോതിൽ നടപ്പിലാക്കാനായതെന്ന് കാണുന്നു. 2015 ജൂൺ മുതൽ 2018 മാർച്ച് വരെ കാലയളവുള്ള ഇപ്പോഴും തുടരുന്ന രണ്ടാം ഘട്ട പ്രോജക്ടിൽ ഭക്ഷണ വിതരണത്തിൽ മാത്രമാണ് കാര്യമായ പ്രവർത്തനം നടന്നതെന്ന് വ്യക്തമാകുന്നു. അടിസ്ഥാന ആവശ്യങ്ങൾ വളരെ പരിമിതമായേ സ്ഥാപനത്തിന് നിറവേറ്റാനായുള്ളു. നിർവ്വഹണ കാലാവധി കഴിഞ്ഞതും നിലവിൽ തുടരുന്നതുമായ ആശ്രയ പദ്ധതിയിൽ കൈവരിച്ച ഭൗതിക നേട്ടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പരിചരണ സേവനങ്ങൾ | ഒന്നാം ഘട്ട പ്രോജക്ട് | | രണ്ടാം ഘട്ട പ്രോജക്ട് | |
|---|---|---|---|---|
| | ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾ | |
| | തെരഞ്ഞെടുത്തത് | നല്കിയത് | തെരഞ്ഞെടുത്തത് | നല്കിയത് |
| സ്ഥലം വാങ്ങൽ | 11 | 1 | ഇല്ല | ഇല്ല |
| ഭവന നിർമ്മാണം | 30 | 2 | ഇല്ല | ഇല്ല |
| വീട് റിപ്പയർ | 23 | 23 | 23 | ഇല്ല |
| കക്കൂസ് | 36 | ഇല്ല | ഇല്ല | ഇല്ല |
| കുടിവെള്ളം | 85 | ഇല്ല | ഇല്ല | ഇല്ല |
| കറന്റ് കണക്ഷൻ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

2014 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ കാലാവധിയുള്ള ആദ്യ പ്രോജക്ടിലെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള തുടർസേവന പ്രോജക്ടിൽ ഭക്ഷണം,ചികിൽസയെന്നിവക്കായി 9.43 ലക്ഷം രൂപ വിനിയോഗിച്ചതായി വിശദീകരിക്കുകയുണ്ടായി.

ആശ്രയ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഏറ്റവും നിരാലംബരായ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തെ പ്രവർത്തനം മൊത്തത്തിൽ പരിശോധിച്ചാൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ പൂർണ്ണ പരാജയമാണെന്ന് വ്യക്തമാണ്. വിവിധ സ്രോതസ്സുകളിൽ നിന്നും വകയിരുത്തിയ തുക ലഭ്യമാക്കുന്നതിലും ലഭ്യമായത് വിനിയോഗിക്കുന്നതിലും ഫലപ്രദമായ ഇടപെടലുണ്ടായില്ലായെന്ന് കാണുന്നു.

2.പട്ടിക വർഗ്ഗ ഘടക പദ്ധതിയിൽ സ്ഥാപനത്തിന് പരിമിതമായ തുക ഓരോ വർഷത്തിലും ലഭ്യമാകുന്നുണ്ട്. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നാല് പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിനും ലക്ഷ്യമിട്ട് ഫണ്ട് വകയിരുത്തിയിരുന്നു. രണ്ടാം വാർഡിലെ പാലച്ചോട് പ്രദേശത്തെ ഈ കുടുംബങ്ങൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, സ്ഥലം, ഭവന നിർമ്മാണം എന്നിവക്കായി 224,400 രൂപ നിരക്കിൽ ഫണ്ട് വകയിരുത്തിയിരുന്നു. സ്വന്തമായി സ്ഥലമില്ലാത്ത, വർഷങ്ങളായി ഭൂവുടമയുടെ സ്ഥലത്ത് താത്കാലിക ഷെഡിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിന് പ്രത്യേക മുൻഗണന നൽകേണ്ടതായിരുന്നെങ്കിലും ഭക്ഷണം, വസ്ത്രം എന്നിവയൊഴികെ മറ്റാനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. പ്രോജക്ടിലെ വിവരം അനുസരിച്ച് ഈ കുടുംബങ്ങൾക്ക് റേഷൻകാർഡ് പോലും ലഭിച്ചിരുന്നില്ലായെന്ന് കാണുന്നു. ഗ്രാമ പ്രദേശങ്ങളിൽ അഗതി കുടുംബങ്ങളെ കണ്ടെത്താൻ പരിഗണിക്കുന്ന ക്ലേശഘടകങ്ങളിൽ പ്രഥമമായത് ഭവന നിർമ്മാണത്തിന് ഭൂമിയില്ലാത്ത പുറമ്പോക്കിൽ താമസിക്കുന്നവരാണ്. പരിമിതമായ ജനസംഖ്യയുള്ള പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു.

3. ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. എന്നാൽ ആശ്രയ പദ്ധതിയുടെ വിലയിരുത്തലിനായി രൂപീകരിച്ച ഉപസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിന്റെ പ്രവർത്തനം ഉപസമിതി പരിശോധിച്ചത് ഭക്ഷണ, ചികിൽസാ ചെലവിന്റെ വിതരണം മാത്രമാണ്.

അടിസ്ഥാനാവശ്യങ്ങളായ കിടപ്പാടം, ഭവന നിർമ്മാണം തുടങ്ങിയവ അനുവദിക്കുന്നതിന് തടസ്സമായി വരുന്നതെന്താണെന്ന് വിശദമാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി ഉപസമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് യഥാസമയം പരിശോധിച്ച് ഇടപെടൽ നടത്താതിരുന്നത് പദ്ധതി നടത്തിപ്പ് ഫലപ്രദമാകാതിരുന്നതിന് കാരണമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക സ്കോളർഷിപ്പ് | 200000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ആലിക്കൽ അമ്പലം റോഡ് ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ | 21500954 തി. 3.3.2016 | 43067 | 43067 | - | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 200000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| ആകെ | 200000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 200000 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| സ്ഥിരനിക്ഷേപം | 200000 | എഫ്.ഡി. നം. 10324 തി. 15.11.2011 പുലാമന്തോൾ കോ.അർ. ബാങ്ക് |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 747 രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരം എഴുതിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 27 | 1999 | 40 | മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് - ഉയർന്ന നിരക്ക് നൽകി | ബഹു: നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2001-02 | 17 | 04-05 | പൊതു പരാമർശങ്ങൾ | കുടിവെള്ള പദ്ധതി - നടത്തിപ്പ് ചെലവ് തനത് ഫണ്ടിൽ നിന്ന് പണം ചെലവഴിച്ചു | |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | P.H.C. ചെമ്മലശ്ശേരി | 21.3.2006 | 14-15 | 11.4.2016 | ഇല്ല | ഇല്ല | ഇല്ല | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 62166406 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57657753 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 317950/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1774876 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 63950 | കൃഷി ഓഫീസർ,ശ്രീ.ശ്രീജിത്ത്.എസ് |
| 3-2 | 104000 | ഹെഡ്മാസ്ററർ.ശ്രീ.അച്ച്യുതാനന്ദൻ.എ.കെ |
| 3-3 | 100000 | ഹെഡ്മാസ്ററർ ,ശ്രീ.അച്ച്യുതാനന്ദൻ.എ.കെ |
| 3-4 | 55000 | വെററിനറി സർജ്ജൻ,ഡോ.റൂബി.വിദ്യാധരൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 700000 | ഹെഡ്മാസ്റ്റർ, ശ്രീ.അച്ച്യുതാനന്ദൻ. എ.കെ. |
| 3-7 | 189750 | സെക്രട്ടറി, ശ്രീ.ഖാലിദ്.പി.കെ |
| 3-8 | 200000 | മെഡിക്കൽ ഓഫീസർ(PHC) |
| 3-9 | 347500 | മെഡിക്കൽ ഓഫീസർ(PHC) |
| 3-10 | 126726 | ഹെഡ്മാസ്റ്റർ, ശ്രീ.അച്ച്യുതാനന്ദൻ.എ.കെ |
| 3-11 | 210900 | ഹെഡ്മാസ്ററർ, ശ്രീ.അച്ച്യുതാനന്ദൻ.എ.കെ. |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹെഡ്മാസ്റ്റർ, ശ്രീ.അച്ച്യുതാനന്ദൻ | ഹെഡ്മാസ്റ്റർ, ജി.എം.യു.പി, പുലാമന്തോൾ | തെക്കേപിഷാരം, പാലൂർ, പുലാമന്തോൾ, മലപ്പുറം |
| കൃഷിഓഫീസർ, ശ്രീ.ശ്രീജിത്ത്.എസ് | താൽകാലികം | ശ്രീഭവൻ, എടക്കുളങ്ങര, കരുനാഗപ്പള്ളി, കെല്ലം |
| വെററിനറിസർജ്ജൻ, ഡോ.റൂബി വിദ്യാധരൻ | പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് | കൊച്ചുപാട്ടൂർ വീട്, കരിയറ, പുനലൂർ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.14/1010/97/19-10-2010 | 21 |
| 1997-98 | എൽ.എഫ്.എം.13/3275/14/11-12-2014 | 07 |
| 1998-99 | എൽ.എഫ്.എം.13/3276/14/11-12-2014 | 08 |
| 1999-2000 | എൽ.എഫ്.എം.13/3277/14/11-12-2014 | 08 |
| 2000-01 | എൽ.എഫ്.എം.13/3278/14/11-12-2014 | 03 |
| 2001-02 | എൽ.എഫ്.എം.11/1402/03/19-10-2010 | 10 |

| | | |
|---|---|---|
| (ചെലവ്) | | |
| 2001-02 (വരവ്) | എൽ.എഫ്.എം.12/1010/09/19-10-2010 | 3 |
| 02-03 | എൽ.എഫ്.എം.12/583/08/19-10-2010 | 14 |
| 03-04 | എൽ.എഫ്.എം.12/584/08/19-10-2010 | 4 |
| 04-05 | എൽ.എഫ്.എം.17/1822/10/01-12-2010 | 3 |
| 05-06 | എൽ.എഫ്.എം.12/586/08/19-10-2010 | 9 |
| 06-07 | എൽ.എഫ്.എം.12/587/08/19-10-2010 | 15 |
| 07-08 | എൽ.എഫ്.എം.12/1332/11/21-11-2011 | 15 |
| 08-09 | എൽ.എഫ്.എം.12/1333/11/11-10-2011 | 19 |
| 09-10, 10-11 | എൽ.എഫ്.എം.13/2532/13/17-01-2014 | 10 |
| 11-12 12-13 | കെ.എസ്.എ.എം.പി.എം.13/2745 /2015/22-04-16 | 23 |
| 13-14, 14-15 | K.S.A.M.P.M27/1873/2016തി.28.07.2016 | 34 |
| | | ഡെപ്യൂട്ടിഡയറക്ടർ |

**I**

# Audit Certificate

No. KSAMPM.27/2999/16

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 09-01-17

CERTIFICATE

Certified that I have examined the Annual Financial Statement of **Pulamanthol** Grama Panchayat for the year ended on 31-03-2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Pulamanthol** Grama Panchayat for the year 2015-16 except the observations in my audit report, properly presents the picture of income and expenditure.

**DEPUTY DIRECTOR**

**KERALA STATE AUDIT DEPARTMENT**

**DISTRICT AUDIT OFFICE, MALAPPURAM.**

നം.കെ.എസ്.എ.എം.പി.എം.27/2999/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 09-01-17

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം.